"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - 2023-24 അക്കാദമിക് വർഷത്തെ പി.ജി. ഫാർമസി (എം.ഫാം) കോഴ്സസ് പ്രവേശനം- 2023 ലെയും 2024 ലെയും G-PAT സ്കോർ പ്രത്യേകം പരിഗണിച്ച് അലോട്ട്മെന്റ് നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.2732/2024/H&FWD തീയതി,തിരുവനന്തപുരം, 14-11-2024

---

പരാമർശം:- 1. 15-03-2024 തീയതിയിലെ സ.ഉ.(സാധാ) നം.791/2024/H&FWD

2. പ്രവേശന പരീക്ഷ കമ്മീഷണറുടെ 18-10-2024തീയതിയിലെ നം.സി.ഇ.ഇ/146/2024-TA1 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം 1 പ്രകാരം2023-24 അക്കാദമിക് വർഷത്തെ പി.ജി. ഫാർമസി(എം.ഫാം) കോഴ്സസ് പ്രവേശന നടപടികൾ ഉപേക്ഷിച്ചുകൊണ്ട് G-PAT 2023 ലും 2024 ലും യോഗ്യത നേടിയവരെ പ്രവേശനത്തിനായി പരിഗണിച്ച് 2024-25 അക്കാദമിക് വർഷത്തെ പ്രവേശനം നടത്തുന്നതിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സീറ്റ് വർദ്ധന ഇല്ലാത്ത സാഹചര്യത്തിൽ 2023 ലെയും 2024 ലെയും G-PAT സ്കോർ പ്രത്യേകം പരിഗണിച്ച് വ്യത്യസ്ത റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച് ആകെയുള്ള 93 സീറ്റുകളിൽ 47 എണ്ണം 2023 ലേയ്ക്കും, ബാക്കി 46 എണ്ണം 2024 ലേയ്ക്കും നൽകി സംവരണ മാനദണ്ഡം പാലിച്ച് അലോട്ട്മെന്റ് നടത്തേണ്ടതുണ്ടോ എന്നും, 2023 വർഷത്തേക്ക് അനുവദിച്ച സീറ്റിൽ ഒഴിവ് വന്നാൽ 2024 ലേക്കു നൽകിയും, 2024 വർഷത്തേക്ക് അനുവദിച്ച സീറ്റിൽ ഒഴിവ് വന്നാൽ 2023 ലേക്കു നൽകിയും അലാട്ട്മെന്റ് നടത്തവുന്നതാണോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് പ്രവേശന പരീക്ഷാ കമ്മീഷണർ അഭ്യർഥിച്ചിട്ടുണ്ടായിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023 ലെയും 2024 ലെയും G-PAT സ്കോർ പ്രത്യേകം പരിഗണിച്ച് വ്യത്യസ്ത റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച് ആകെയുള്ള 93 സീറ്റുകളിൽ 47 എണ്ണം 2023 ലേയ്ക്കും, ബാക്കി 46 എണ്ണം 2024 ലേയ്ക്കും നൽകി സംവരണ മാനദണ്ഡം പാലിച്ച് അലോട്ട്മെന്റ് നടത്തുന്നതിനും, 2023 വർഷത്തേക്ക് അനുവദിച്ച സീറ്റിൽ ഒഴിവ് വന്നാൽ 2024 ലേക്കു നൽകിയും, 2024 വർഷത്തേക്ക് അനുവദിച്ച സീറ്റിൽ ഒഴിവ് വന്നാൽ 2023-ലെ ലിസ്റ്റിൽ നിന്നും പ്രവേശനം നൽകിയും അലോട്ട്മെന്റ് നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മൃണാൾസെൻ എം
അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Jimmy Kochu Paul
Date: 14-11-2024 12:04:51

Scanned with OKEN Scanner

സെക്ഷൻ ഓഫീസർ

പകർപ്പ്:

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല, തൃശ്ശൂർ

കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, തിരുവനന്തപുരം

കേരള ഫാർമസി  കൌൺസിൽ, തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് കോപ്പി

Scanned with OKEN Scanner